പതിമൂന്നാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5608 02.07.2014-ൽ മറുപടിയ്ക്ക്

# തിരുവനന്തപുരം ജില്ലയിലെ ലാബ് ടെക്നീഷ്യൻ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് I-ന്റെയും ഗ്രേഡ് II-ന്റെയും എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (എ) | ലാബ് ടെക്നീഷ്യൻ ഗ്രേഡ് I - 58<br>ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 58 |
| (ബി) | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് തിരുവനന്തപുരം ജില്ലയിലുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത തസ്തികയിൽ 1 ഒഴിവാണ് നിലവിലുള്ളത് |
| (സി) | ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ എത്ര ഒഴിവുകളുണ്ടായിട്ടുണ്ട്; ഇതിൽ എത്രയെണ്ണം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദവിവരം അറിയിക്കുമോ; | (ഡി) | 10 ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി-യിൽ നിന്നും ശുപാർശ ലഭിച്ച 10 ഉദ്യോഗാർത്ഥികൾക്ക് ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ആയി തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ഇ) | ഡി.എം.ഒ യുടെ കീഴിലുള്ളതും ഡി.എച്ച്.എസ്-ന്റെ കീഴിലുള്ളതുമായ സ്ഥാപനങ്ങളിൽ ഒരേ ലിസ്റ്റിൽ നിന്നുമാണോ ലാബ് ടെക്നീഷ്യന്മാരുടെ നിയമനം നടത്തുന്നത്; വിശദാംശം നൽകുമോ; | (ഇ) | ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2-ന്റെ നിയമനാധികാരി അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരാണ്. ആയതിനാൽ ഒരേ ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന് അനുവദിച്ചിട്ടുള്ള തസ്തികകളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് I ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; എത്ര പേർ. ഏതെല്ലാം ആശുപത്രികളിൽ; വിശദവിവരം ലഭ്യമാക്കുമോ; | (എഫ്) | ലാബ് ടെക്നിഷ്യൻ ഗ്രേഡ് 2 ന് ഗ്രേഡ് I ആയി സ്ഥാനകയറ്റം നൽകിയ സാഹചര്യങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ ഗ്രേഡ് 1 ആയ 21 പേർ കൂടുതലായി ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തു വരുന്നു. ലാബ് ടെക്നീഷ്യന്മാരുടെ ഗ്രേഡ് 1 സ്ഥലംമാറ്റം 12.06.2014-ൽ പൂർത്തിയാക്കി ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അലോട്ട് ചെയ്തിട്ടുണ്ട്. ജില്ലയിലെ സ്ഥലംമാറ്റം പൂർത്തിയായി കഴിഞ്ഞാൽ മാത്രമേ ടി ജീവനക്കാർ ഏതെല്ലാം ആശുപത്രികളിൽ ജോലി ചെയ്യുന്നു എന്ന് അറിയിക്കാൻ കഴിയുകയുള്ളൂ. |
| (ജി) | ഗ്രേഡ് I ആയി പ്രമോഷൻ ലഭിച്ചിട്ടും ഗ്രേഡ് II തസ്തികയിൽത്തന്നെ ജീവനക്കാർ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയമാനുസൃതമാണോയെന്ന് വിശദമാക്കുമോ; | (ജി) | പൊതു തിരഞ്ഞെടുപ്പും പൊതുസ്ഥലംമാറ്റവും പ്രഖ്യാപിച്ച സാഹചര്യത്തിൽ ഗ്രേഡ് I ആയി ഉദ്യോഗക്കയറ്റം നൽകിയ ഗ്രേഡ് II നെ ടി ജില്ലയിൽ തന്നെ താല്ക്കാലികമായി നിയമിക്കുകയുണ്ടായി. കൂടാതെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് I പ്രൊമോഷൻ ലിസ്റ്റിൽ അപാകത കടന്നുകൂടിയതായുള്ള അപ്പീലിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി നടപടികൾ പൂർത്തിയായ ശേഷം ഗ്രേഡ് 2, ഗ്രേഡ് 1, 50:50 എന്ന അനുപാതത്തിൽ എല്ലാ ജില്ലകളിലും ക്രമീകരിക്കുന്നതാണ്. |
| (എച്ച്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (എച്ച്) | പതിമൂന്ന് ആശുപത്രികളുടെ പദവി ഉയർത്തിയിട്ടുണ്ട്. ആശുപത്രിയുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഐ) | അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ: | (ഐ) | ഉണ്ട്.<br>12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>ജനറൽ ആശുപത്രി – ഇരിങ്ങാലക്കുട – 2<br>ജനറൽ ആശുപത്രി – കാഞ്ഞിരപ്പള്ളി – 2<br>ജനറൽ ആശുപത്രി – കോട്ടയം - 2<br>ജില്ലാ ആശുപത്രി നിലമ്പൂർ - 2<br>ജില്ലാ ആശുപത്രി നെടുമങ്ങാട് - 1<br>ജില്ലാ ആശുപത്രി വടക്കാഞ്ചേരി - 2<br>താലൂക്കാശുപത്രി ആറ്റിങ്ങൽ - 1 |

| | | | |
|---|---|---|---|
| (ജെ) | പുതിയ ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ജെ) | ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അപ്ഗ്രേഡ് ചെയ്ത ആശുപത്രികൾ ഇപ്പോഴത്തെ പേരിൽ.

1. ജനറൽ ആശുപത്രി- തൃശ്ശൂർ.
2. ജനറൽ ആശുപത്രി- ചങ്ങനാശ്ശേരി
3. ജനറൽ ആശുപത്രി- ഇരിങ്ങാലക്കുട.
4. ജനറൽ ആശുപത്രി- കോട്ടയം
5. ജനറൽ ആശുപത്രി- നെയ്യാറ്റിൻകര
6. ജനറൽ ആശുപത്രി- കാഞ്ഞിരപ്പള്ളി
7. ജില്ലാ ആശുപത്രി - വടക്കാംഞ്ചേരി.
8. ജില്ലാ ആശുപത്രി - പെരിന്തൽമണ്ണ
9. ജില്ലാ ആശുപത്രി - നെടുമങ്ങാട്
10. ജില്ലാ ആശുപത്രി - നിലമ്പൂർ
11. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി - വർക്കല
12. താലൂക്കാശുപത്രി - കുറ്റിപ്പുറം.
13. താലൂക്കാശുപത്രി - ആറ്റിങ്ങൽ